(എഫ്) സെക്രട്ടറിമാരുടെ കമ്മിറ്റിയുടെ ശുപാർശ ലഭിക്കുന്ന മുറയ്ക്ക് നിയമനം നടത്തുന്നതാണ്.

വയനാട് ജില്ലയിൽ അദ്ധ്യാപക റാങ്ക് ഹോൾഡേഴ്സ് സംഘടനയുടെ കേസുകൾ

103 [5083] ശ്രീ. എൻ. ശക്തൻ:
,, പി. ടി. തോമസ്:
ശ്രീമതി മാലേത്ത് സരളാദേവി:
,, എ. പി. അനിൽകുമാർ:
,, എം. എ. ചന്ദ്രശേഖരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വയനാട് ജില്ലയിൽ അദ്ധ്യാപകരായി നിയമിക്കപ്പെടാനുള്ള പി.എസ്.സി. റാങ്ക് ലിസ്റ്റിലുള്ളവരുടെ സംഘടനയും വിദ്യാഭ്യാസ വകുപ്പും തമ്മിൽ 1998 ജനുവരി മുതൽ ഇതുവരെ എത്ര കേസുകൾ ഉണ്ടായിട്ടുണ്ട്;

(ബി) ഓരോ കേസിന്റെയും പ്രയർ എന്തായിരുന്നു എന്നും അതിന്റെ വിധി എന്തായിരുന്നുവെന്നും വ്യക്തമാക്കുമോ;

(സി) വയനാട് ജില്ലയുടെ വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർമാരിൽ ആരെങ്കിലും ഇപ്പോൾ കോടതിയലക്ഷ്യ കേസിനെ നേരിടുന്നുണ്ടോ; ഉണ്ടെങ്കിൽ അതിനുള്ള കാരണങ്ങൾ എന്തെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) 10 കേസുകൾ.

(ബി) കേസുകളുടെ വിശദവിവരങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.†

(സി) ഉണ്ട്.

2 കേസുകളിൽ 7-7-2003 വരെ ഡെപ്യൂട്ടി ഡയറക്ടർ ആയിരുന്ന ശ്രീ. എൻ. ത്യാഗരാജൻ കോടതിയലക്ഷ്യ നടപടിയെ നേരിടുകയാണ്. അതിനുള്ള കാരണങ്ങൾ താഴെ കൊടുക്കുന്നു:

1. 2-1-2001 വരെ നിലവിലുണ്ടായിരുന്ന എൽ.പി./യു.പി. അസിസ്റ്റന്റ് ലിസ്റ്റിൽ നിന്ന് നിയമനത്തിനായി ഒഴിവുകൾ റിപ്പോർട്ട് ചെയ്യാനുണ്ടായ കാലതാമസം.

2. എച്ച്.എസ്.എ. നാച്ചുറൽ സയൻസ് തസ്തികയിൽ നിയമനത്തിന് പി.എസ്.സി. ശുപാർശ ചെയ്തെങ്കിലും ഒഴിവ്, ശുപാർശ ലഭിച്ച സമയത്ത് ഇല്ലാതായതുമൂലം നിയമനം മൂന്നു മാസത്തിനകം നൽകാനായില്ല. ഇതിനെതിരെ ശ്രീമതി ഷീജ ജെയിംസ് കോടതിയെ സമീപിച്ചപ്പോൾ കോടതി നോഷണൽ നിയമനവും പിരിച്ചയയ്ക്കലും നടത്താൻ ഉത്തരവായെങ്കിലും വിധി പകർപ്പ് ലഭിക്കാത്തതിനാൽ യഥാസമയം നോഷണൽ നിയമനം നൽകാൻ കഴിഞ്ഞില്ല.

† അനുബന്ധം VI.

LIBRARY ARCHIVES Kerala Legislative Assembly

2. Director of Public Instruction in his letter read as 2nd paper above has reported the difficulties in filling up of vacancies of teachers in regular basis, as described in the Government order are still existing. Therefore he has requested for further extension of the period of the said Government order for the year 2003-2004 also for the smooth functioning of Government schools.

3. Government have examined the matter in detail and are pleased to accord sanction for the appointment of teachers in Government schools on daily wages following the procedure prescribed in the Government order read as 1st paper above for the academic year 2003-2004 subject to the following conditions.

(1) The Review of protected teachers will be completed by August 31st 2003.

(2) The 800 protected teachers shall be adjusted against respective categories or posts in accordance with their qualifications before filling such vacancies by teachers on daily wages. However, vacancies against which there is no protected teacher in the district shall be filled up with daily waged hands.

By order of the Governor,
P. MARA PANDIYAN
Secretary to Government.

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം VI

[5-8-2003-ലെ നക്ഷത്രചിഹ്നമിടാത്ത ചോദ്യം 103 (5083)-ന്റെ ഉത്തരം ദയവായി കാണുക.]

1. ഒ. പി. നമ്പർ 18147/2000-നിലവിലുള്ള എൽ. പി./യു. പി. റാങ്ക് ലിസ്റ്റിൽ ഉള്ള ബി. എഡ്. ബിരുദധാരികളെ ഒഴിവാക്കി, ടി. ടി. സി. ബിരുദമുള്ളവരെ മാത്രം നിയമിക്കണമെന്ന ആവശ്യം—ഈ വിഷയത്തിൽ, നിലവിലുണ്ടായിരുന്ന മറ്റ് കേസുകളുമായി കൂട്ടിച്ചേർത്തുള്ള കോടതി വിധിയുടെ അടിസ്ഥാനത്തിൽ, സർക്കാർ കെ. ഇ. ആർ. വ്യവസ്ഥ ഭേദഗതി ചെയ്ത് 8-6-2000-ലെ ജി. ഒ. (പി) നമ്പർ 188/2000/പൊ. വി. വ. എന്ന ഉത്തരവ് പുറപ്പെടുവിച്ചു.

2. ഒ. പി. നമ്പർ 30649/2002—പി. എസ്. സി. അഡ്വൈസ് ചെയ്ത നിയമനം വൈകിയതിനെതിരെ സമർപ്പിച്ചത്—ഈ കേസിൽ ഉടൻ നിയമനം നൽകാൻ ഉത്തരവായി.

3. വ്യത്യസ്ത—റാങ്ക് ലിസ്റ്റുകളിലെ മുഴുവൻ ഒഴിവുകളും പി. എസ്. സി.-ക്ക് റിപ്പോർട്ട് ചെയ്യാൻ ആവശ്യപ്പെട്ട് സമർപ്പിക്കപ്പെട്ടതാണ് ബാക്കി 8 ഒ. പി. കളും. വേക്കൻസി റിപ്പോർട്ട് ചെയ്യുന്നതിന് എല്ലാ ഒ. പി. കളിലും ഉത്തരവുണ്ടായി.